**ശ്രദ്ധക്ഷണിക്കൽ**

**നോഡൽ സംവിധാനത്തിന്റെ ആവശ്യകത**

ശ്രീ. കെ. മുരളീധരൻ: സർ, വിവിധ സർക്കാർ വകുപ്പുകളുടെ ഏകോപനമില്ലായ്മയും നിരുത്തരവാദപരമായ പ്രവർത്തനങ്ങളും നിമിത്തം സംസ്ഥാത്തെ പൊതുമരാമത്ത് റോഡുകൾ പൈപ്പിടൽ, കേബിൾ സ്ഥാപിക്കൽ തുടങ്ങിയ കാര്യങ്ങൾക്കായി അലക്ഷ്യമായും അശാസ്ത്രീയമായും നിരന്തരം വെട്ടിക്കുഴിക്കുന്നതിലൂടെ സംസ്ഥാന ഖജനാവിനുണ്ടാകുന്ന അതിഭീമമായ നഷ്ടം, ജനങ്ങൾ അനുഭവിക്കുന്ന യാത്രാ ദുരിതം എന്നീ കാര്യങ്ങളിലേയ്ക്കും ഈ കാര്യത്തിൽ പരിഹാരം കണ്ടെത്തുന്നതിനായി പൊതുമരാമത്തുവകുപ്പിനുകീഴിൽത്തന്നെ ഒരു നോഡൽ സംവിധാനം ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ചും ഞാൻ ഈ സഭയുടെ ശ്രദ്ധക്ഷണിക്കുകയാണ്. പൊതുഖജനാവിൽ നിന്നും കോടിക്കണക്കിന് രൂപ ചെലവഴിച്ച് ടാർ ചെയ്ത് നവീകരിക്കുന്ന പൊതുമരാമത്ത് റോഡുകൾ ആറ് മാസം പോലും കഴിയുന്നതിനുമുമ്പായി വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി., ബി.എസ്.എൻ.എൽ. തുടങ്ങിയ വകുപ്പുകൾ പൈപ്പിടുന്നതിനും കേബിൾ ഇടുന്നതിനും മറ്റുമായി തോന്നിയതുപോലെ വെട്ടിക്കുഴിച്ച് താറുമാറാക്കുന്ന നിർഭാഗ്യകരമായ അവസ്ഥയാണ് ഇന്ന് സംസ്ഥാനത്ത് നിലവിലുള്ളത്. പൊതുജനത്തിന് നിത്യദുരിതം സമ്മാനിക്കുന്ന ഈ പ്രവണത വർഷങ്ങളായി തുടർന്നുവരികയാണ്. ഈ പ്രശ്നത്തിന് ഒരു ഉദാഹരണം തിരുവനന്തപുരം നഗരത്തിൽ തന്നെയുണ്ട്. ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ നിയോജക മണ്ഡലമായ അരുവിക്കരയിൽ നിന്നും ആരംഭിച്ച് പേരൂർക്കടവരെയുള്ള റോഡ് ഫണ്ട് ബോർഡിന്റെ റോഡ് പുതിയ പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിന്റെ ഭാഗമായി വെട്ടിപ്പൊളിച്ചിട്ടിരിക്കുകയാണ്. ജനപ്രതിനിധിയെന്നുള്ള നിലയിൽ ഞാൻ

റോഡ് ഫണ്ട് ബോർഡിനെയും വാട്ടർ അതോറിറ്റിയെയും വിളിച്ച് നടത്തിയ ചർച്ചയിൽ റോഡ് ഫണ്ട് ബോർഡിന്റെ നിർദ്ദേശം വാട്ടർ അതോറിറ്റി തള്ളിക്കളയുകയും ആ റോഡ് വീണ്ടും വെട്ടിപ്പൊളിച്ച് പൈപ്പിട്ടതിന്റെ ഫലമായി നാലുകോടി രൂപയുടെ നഷ്ടം ഗവൺമെന്റിന് ഉണ്ടായിട്ടുണ്ട്. പൈപ്പിടുന്നതിന് ആറുമാസം മുമ്പാണ് റോഡ് ഫണ്ട് ബോർഡ് ഈ റോഡിന്റെ പണി പൂർത്തിയാക്കിയത്. വാട്ടർ അതോറിറ്റി, പൊതുമരാമത്ത് വകുപ്പുകൾ മുൻകൂട്ടി വിവരകൈമാറ്റം നടത്തി പദ്ധതി ഏകോപനം നടന്നിരുന്നുവെങ്കിൽ ഖജനാവിന് നഷ്ടമുണ്ടാകുമായിരുന്നില്ലെന്നുമാത്രമല്ല ഇവിടത്തെ ജനങ്ങൾ ഒരുവർഷമായി അനുഭവിക്കുന്ന അതിരൂക്ഷമായ യാത്രാദുരിതവും ഉണ്ടാവില്ലായിരുന്നു. ഈ ലൈനിന്റെ പണി നിമിത്തം ബഹുമാനപ്പെട്ട സ്പീക്കറുടെ നിയോജകമണ്ഡലമാണ് ഇപ്പോൾ ഏറ്റവുമധികം പ്രയാസമനുഭവിക്കുന്നത്. സാധാരണ നിയമസഭാദ്ധ്യക്ഷന്മാരുടെ വീടുകളിലേയ്ക്ക് രാഷ്ട്രീയപാർട്ടികൾ ജാഥ നടത്താറില്ല. പതിവിനുവിപരീതമായി ഇത്തവണ അതുകൂടി അവിടെ സംഭവിച്ചു. ബഹുമാനപ്പെട്ട സ്പീക്കറുടെ ഔദ്യോഗിക വസതിയിലേയ്ക്ക് രാഷ്ട്രീയപാർട്ടികളുടെ ജാഥകളും മറ്റും നടന്നുകൊണ്ടിരിക്കുകയാണ്. അതിൽ അദ്ദേഹം ഒരുപാട് പ്രയാസം അനുഭവിക്കുന്നുമുണ്ട്. റോഡുകളുടെ ഇത്തരം ശോച്യാവസ്ഥ പരിഹരിക്കാൻ ഗവൺമെന്റ് ഒരു നോഡൽ ഏജൻസിയെ അത്യാവശ്യമായി നിയമിക്കേണ്ടതുണ്ട്. വിവിധ ഏജൻസികൾ പൈപ്പ്ലൈൻ സ്ഥാപിക്കാനായി അവരവരുടെ ഭാവന അനുസരിച്ച് കുഴിയെടുത്തതിനുശേഷം തന്നിഷ്ടപ്രകാരം പെരുമാറുന്നതും പണിയിൽ സമയക്ലിപ്തതയോ ഗുണനിലവാരമോ പാലിക്കാത്തതുമാണ് മറ്റൊരു പ്രധാനപ്പെട്ട വിഷയം. പൈപ്പിടുന്നത് സംബന്ധിച്ച് അവർ പൊതുമരാമത്ത് വകുപ്പിന് മുൻകൂട്ടി വിവരം നൽകുന്നില്ല. ഇതൊക്കെ നിമിത്തം പൊതുജനങ്ങൾ അനുഭ

വിക്കുന്ന ബുദ്ധിമുട്ടിന് ജനപ്രതിനിധികളും സർക്കാരുമാണ് പലപ്പോഴും മറുപടി പറയേണ്ടിവരുന്നത്. ഈ ദുരവസ്ഥയ്ക്ക് ഒരു അടിയന്തര പരിഹാരം കണ്ടെത്തേണ്ടത് അത്യാവശ്യമാണ്. ഇതുസംബന്ധിച്ച് നിരവധി പ്രാവശ്യം സഭയിൽ ചോദ്യം ചോദിച്ചിട്ടുണ്ട്. അപ്പോഴെല്ലാം പൊതുമരാമത്ത് വകുപ്പു മന്ത്രി അദ്ദേഹത്തിന്റെ നിസ്സഹായാവസ്ഥ ഇവിടെ പ്രകടിപ്പിച്ചിട്ടുമുണ്ട്. ഇത്തരമുള്ള എല്ലാ വർക്കുകളും പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള ഒരു നോഡൽ ഏജൻസിയെ ഏൽപ്പിക്കുക എന്നതുമാത്രമാണ് ഇതിനൊരു പരിഹാരം. അങ്ങനെ വരുമ്പോൾ റോഡിൽ പൈപ്പോ കേബിളോ മറ്റേതെങ്കിലും ഏജൻസിക്ക് സ്ഥാപിക്കേണ്ടതുണ്ടെങ്കിൽ അവർ അക്കാര്യം ഈ നോഡൽ ഏജൻസിയെ അറിയിച്ചാൽ മതി. നോഡൽ ഏജൻസി അതിനുള്ള പണം കൈപ്പറ്റി അത്തരം പണികൾ നിർവ്വഹിക്കുന്ന രീതിയിലുള്ള സംവിധാനം ഇവിടെ നിലവിൽ വന്നില്ലെങ്കിൽ ഈ സാഹചര്യം നിരന്തരം തുടർന്നുകൊണ്ടിരിക്കും. അതുകൊണ്ട് നമ്മുടെ സംസ്ഥാനത്ത് ഇക്കാര്യത്തിൽ ഒരു നോഡൽ സംവിധാനം എത്രയും പെട്ടെന്ന് നിലവിൽ വരുത്താനും വകുപ്പുകളുടെ ഏകോപനമില്ലായ്മ മൂലം റോഡുകൾ നിരന്തരം വെട്ടിപ്പൊളിച്ച് നാശമാക്കി ഖജനാവിന് നഷ്ടവും പൊതു ജനങ്ങൾക്ക് ദുരിതവുമുണ്ടാക്കുന്ന രീതി അവസാനിപ്പിക്കാനുമുള്ള അടിയന്തര നടപടി പൊതു മരാമത്ത് വകുപ്പ് സ്വീകരിക്കണമെന്ന് ഈ ശ്രദ്ധക്ഷണിക്കലിലൂടെ അഭ്യർത്ഥിക്കുകയാണ്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്): സർ, നമ്മുടെ സംസ്ഥാനത്തെ എം.എൽ.എ. മാരും ജനപ്രതിനിധികളും പത്രമാധ്യമങ്ങളുമൊക്കെ വളരെ സജീവമായി ചർച്ച ചെയ്യപ്പെടുന്ന ഒരു വിഷയമാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. മുരളീധരൻ ഇവിടെ ഉന്നയിച്ചത്. നമ്മുടെ

സംസ്ഥാനത്ത് തന്നെയുള്ള കേരള വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി., ബി.എസ്.എൻ.എൽ., ഇന്റർനെറ്റ് കമ്പനികൾ എന്നിവർക്കാണ് റോഡുകൾ കുഴിക്കേിവരുന്നത്. അടിയന്തര പ്രാധാന്യമുള്ള ചില കാര്യങ്ങളിൽ ഗവൺമെന്റിന് ചില വിട്ടുവീഴ്ച ചെയ്യേിവരും. നിർഭാഗ്യവശാൽ, ഈ വകുപ്പുകളൊക്കെ അവരുടെ പ്ലാനും സ്കീമുമൊക്കെ നേരത്തെതന്നെ പൊതുമരാമത്ത് വകുപ്പിനെ അറിയിക്കുന്നില്ല എന്നുള്ളത് വളരെ ഖേദകരമായ ഒരു സംഗതിയാണ്. ഈ പ്രശ്നത്തിന് ഒരു പരിഹാരം കാണുന്നതിനായി, ജില്ലാകളക്ടർ അദ്ധ്യക്ഷനായ ഒരു സമിതി ഇത് പരിശോധിച്ച് റോഡ് കുഴിക്കാനുള്ള അനുവാദം കൊടുക്കണമെന്ന് മുൻ ഗവൺമെന്റ്തന്നെ തീരുമാനിച്ചിരുന്നു. പക്ഷേ അത് നടപ്പിലായില്ല. പൊതുനിരത്തുകളിൽ കേബിൾ, പൈപ്പ്ലൈൻ മുതലായവ നിക്ഷേപിക്കുന്നതിനുവേി സേവനദാതാക്കൾ കുഴിയെടുക്കുന്നതുമൂലം പൊതുജനങ്ങൾക്കുാകുന്ന ദുരിതങ്ങൾ ലഘൂകരിക്കുന്നതിനുവേി ഒരു കമ്മിറ്റി രൂപീകരിക്കുന്നതിന് 16-05-2011-ൽ മുൻഗവൺമെന്റ് ഒരു തീരുമാനമെടുത്തു. അതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനും പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി കൺവീനറും വാട്ടർ അതോറിറ്റിയുടെ മാനേജിംഗ് ഡയറക്ടർ, ബി.എസ്.എൻ.എൽ.-ന്റെ ജനറൽ മാനേജർ, കെ.എസ്.ഇ.ബി. ചീഫ് എഞ്ചിനീയർ, മുനിസിപ്പൽ ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടർ, സി.റ്റി.പി. ഉൾപ്പെടെയുള്ള ആളുകൾ അംഗങ്ങളായുള്ള ഒരു കമ്മിറ്റിയെ നിയമിക്കുകയുായി. ആ കമ്മിറ്റിയുടെ ഉത്തരവാദിത്വം ഇത്തരം വർക്കുകൾ നേരത്തെ പ്ലാൻ ചെയ്യുക എന്നതായിരുന്നു. നിർഭാഗ്യവശാൽ, ഈ കമ്മിറ്റിയും ഒരു പ്ലാനിംഗ് നടത്തിയില്ല. നമ്മുടെ സംസ്ഥാനത്തെ റോഡുകൾ കുഴിക്കുന്നതിന് 6 മാസം മുമ്പുതന്നെ പ്ലാനും സ്കീമുമുാക്കി നടപടികൾ സ്വീകരിക്കണമെന്നാണ് മുൻ ഗവൺമെന്റ് ഇറക്കിയ ഉത്തരവിൽ പറയുന്നത്. പക്ഷേ അതും ഫലപ്രദമായില്ല. സംസ്ഥാ

നത്തെ പൊതുജീവിതത്തിൽ പ്രകടമായിട്ടുള്ള ഒരു വലിയ പ്രശ്നമാണ് ബഹുമാനപ്പെട്ട കെ. മുരളീധരൻ ഇവിടെ ഉന്നയിച്ചിട്ടുള്ളത്. അത് പരിഹരിക്കാൻ നോഡൽ ഏജൻസിയെ ഏർപ്പെടുത്തുന്നതു സംബന്ധിച്ച് അടിയന്തിരമായി ഗവൺമെന്റ് ആലോചിക്കും. നമ്മുടെ സംസ്ഥാനത്തെ റോഡുകൾ നല്ല റോഡുകളാണെന്ന് രാഷ്ട്രീയ കക്ഷി ഭേദമന്യേ എല്ലാവരും അഭിപ്രായപ്പെട്ടിരിക്കുന്ന സമയത്താണ് ഇത്തരത്തിലുള്ള ഒരു ദുരന്തം വന്നുപെടുന്നത്. സംസ്ഥാന ഖജനാവിന് നഷ്ടം വരുന്നു എന്നതിലുപരി മനുഷ്യജീവൻ വരെ നഷ്ടപ്പെടുന്ന സ്ഥിതിയിലേയ്ക്ക് കാര്യങ്ങൾ നീങ്ങുന്നു്. അതുകൊ് അദ്ദേഹം ഉന്നയിച്ച പ്രശ്നം വളരെ ഗൗരവമായി എടുക്കുകയും ഒരു നോഡൽ ഏജൻസിയെ ചുമതലപ്പെടുത്തുന്ന കാര്യം കെ.എസ്.ഇ.ബി., വാട്ടർ അതോറിറ്റി, ബി.എസ്.എൻ.എൽ., ഇന്റർനെറ്റ് കേബിൾ ഇടുന്ന കമ്പനികൾ ഇങ്ങനെ ഇതുമായി ബന്ധപ്പെട്ട എല്ലാ വകുപ്പുകളുമായും ഏജൻസികളുമായും ആലോചിച്ച് ഉടൻതന്നെ ഒരു സംവിധാനം ഏർപ്പെടുത്തുന്നതിന് ഗവൺമെന്റ് സന്നദ്ധമാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, പൈപ്പ്ലൈൻ ഇടുന്നതിന് വാട്ടർ അതോറിറ്റി പൈസ അടച്ച് പി.ഡബ്ല്യു.ഡി. പെർമിഷൻ കൊടുത്ത് ആ പൈപ്പ്ലൈൻ ഇട്ടുകഴിഞ്ഞാൽ ആ റോഡ് ടാർ ചെയ്യുന്നതിന് എന്താണ് തടസ്സം?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, ഡെപ്പോസിറ്റ് വർക്കാണെങ്കിൽ വളരെ പെട്ടെന്ന് ചെയ്യാൻ സാധിക്കും. അങ്ങനെയുള്ള കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ തീർച്ചയായും അതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: അത്തരത്തിലുള്ള ഒരു സംഗതി എന്റെ നിയോജക മണ്ഡലത്തിലുണ്ട്. ഞാൻ സഭ കഴിഞ്ഞതിനുശേഷം എഴുതി ത്തരാം.

ശ്രീ. കെ. മുരളീധരൻ: സർ, പലപ്പോഴും ഇവിടെയുണ്ടാകുന്ന ഒരു പ്രധാന പാളിച്ച, റോഡിന്റെ പൈപ്പ്ലൈൻ വർക്ക് നടത്തിക്കഴിഞ്ഞ് റീ-ടാറിംഗിനുവേ ണ്ടി ചെല്ലുമ്പോൾ വീണ്ടും ആ പൈപ്പ് പൊട്ടുന്നതാണ്. എന്റെ നിയോജക മണ്ഡല ത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്ത, ഏറ്റവും പ്രധാനപ്പെട്ട ഒരു റോഡാണ് പേരൂർക്കട-ശാസ്തമംഗലം-ഇടപ്പഴിഞ്ഞി റോഡ്. 13 കോടി രൂപ ചെലവഴിച്ച് പണിത ആദ്യത്തെ ഇ-ടെർ റോഡാണത്. ആ റോഡിന്റെ പണികൾ പൂർത്തിയാക്കിക്കഴിഞ്ഞപ്പോഴേയ്ക്കും പൈപ്പ് ലൈൻ പൊട്ടാൻ തുടങ്ങി. ഇന്ന് ആ റോഡിന്റെ പലഭാഗങ്ങളും വെട്ടിപ്പൊളിച്ചിട്ടിരിക്കുകയാണ്. ഞാൻ ആവശ്യപ്പെടുന്നത് വിവിധ വകുപ്പുകൾ തമ്മിൽ ഒരു കോ-ഓർഡിനേ ഷൻ വേണമെന്നാണ്. ഡൽഹിയിൽ ഇതിനായൊരു നോഡൽ സംവിധാനമുണ്ട്. അതേ മോഡലിൽത്തന്നെ കേരളത്തിലും ഒരു നോഡൽ ഏജൻസിയെ വയ്ക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്: സർ, ബഹുമാനപ്പെട്ട കെ. മുരളീധരൻ ഉന്നയിച്ച കാര്യം തീർച്ചയായും പരിശോധിക്കും. ഞാൻ നേരത്തെ സൂചിപ്പി ച്ചതുപോലെ, ഇക്കാര്യത്തിൽ കേരള വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി., ബി. എസ്.എൻ.എൽ. ഇന്റർനെറ്റ് കമ്പനികളുടെ പ്രതിനിധികളുമായി ആലോചിച്ച് ഒരു തീരുമാനമെടുക്കും. ഒരു നോഡൽ ഏജൻസിയെ നിയമിച്ചാൽ അതുകൊണ്ട് ഗുണം കിട്ടുമെങ്കിൽ തീർച്ചയായും അതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. അധികം വൈകാതെ ഇതുസംബന്ധിച്ച ഒരു കോൺഫറൻസ് വിളിക്കുന്നതാ ണ്.

**ചട്ടങ്ങൾ പ്രസിദ്ധീകരിക്കേണ്ടതിന്റെ ആവശ്യകത**

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, കേരളത്തിന്റെ ആകെ വികസനപ്രവർത്തനത്തെ ബാധിക്കുന്ന, അങ്ങ് അടക്കമുള്ള 140 എം.എൽ.എ. മാരെയും മന്ത്രിമാരെയും ബാധിക്കുന്ന അതീവ ഗൗരവമുള്ള ഒരു വിഷയമാണ് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും റവന്യൂ വകുപ്പുമന്ത്രിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നത്. കേന്ദ്രഗവൺമെന്റ് 2013-ൽ 'Right to Fair Compensation and Transparency in Land Aquisition, Rehabilitation and Resettlement Act' എന്ന നിയമം പാസ്സാക്കി. പ്രസ്തുത കേന്ദ്രനിയമത്തിന് സബ് റൂൾ ഉണ്ടാക്കിയാൽ മാത്രമേ കേരളത്തിൽ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പൂർത്തീകരിക്കാൻ കഴിയുകയുള്ളൂ. വികസനപ്രവർത്തനങ്ങൾ നടക്കണമെങ്കിൽ ഭൂമി വളരെ അത്യാവശ്യമാണ്. 'പണ്ടേ ദുർബല ഇപ്പോൾ ഗർഭിണി' എന്നുപറയുന്നതുപോലെ പണ്ടുമുതൽക്കുതന്നെ ഭൂമി ഏറ്റെടുക്കുന്നതിൽ വലിയ കാലതാമസമുണ്ട്. അതായത് ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ധാരാളം നടപടിക്രമങ്ങളുണ്ട്. എൽ.ഡി.എഫ്. ആയിരുന്നാലും യു.ഡി.എഫ്. ആയിരുന്നാലും ഒരു എം.എൽ.എ. എന്നുള്ള നിലയിൽ ആദ്യവർഷം അയാൾ തുടങ്ങിവച്ച പ്രവൃത്തി, അതൊരു പാലമാണെങ്കിലും റോഡാണെങ്കിലും ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കാരണം 5 വർഷക്കാലം കഴിഞ്ഞുപോലും പൂർത്തീകരിക്കുന്നതിന് കഴിയുന്നില്ല. കാരണം അത്രമാത്രം കോംപ്ലിക്കേറ്റഡായ ഏറ്റവും പഴക്കം ചെന്ന നിയമങ്ങളാണ് ഭൂമി അക്വിസിഷനുമായി ബന്ധപ്പെട്ടുള്ളത്. ഒന്നാമതായി ഇവിടെ ആവശ്യത്തിനുള്ള സ്റ്റാഫില്ല. അക്വിസിഷൻ ഡെപ്യൂട്ടി കളക്ടറും അക്വിസിഷൻ ഡെപ്യൂട്ടി തഹസീൽദാരുമൊക്കെ ഒരു ജില്ലയിൽ

രണ്ടോമൂന്നോ ആൾക്കാർ മാത്രമാണുള്ളത്. അത് റവന്യൂ വകുപ്പുമന്ത്രിയായ ശ്രീ. അടൂർ പ്രകാശിന്റെ മാത്രമായുള്ള കുറ്റമൊന്നുമല്ല. ഇവിടെ സ്റ്റാഫിന്റെ കുറവുണ്ട്. യു.ഡി.എഫ്.-കാർ അവരുടെ മണ്ഡലങ്ങളിൽ മാത്രം കൂടുതൽ വികസനപ്രവർത്തനങ്ങൾ നടത്തണമെന്ന് തീരുമാനിച്ചാൽപോലും ഈ നിയമം നിലനിൽക്കുന്നിടത്തോളം കാലം അതിന് കഴിയില്ല. അതുകൊണ്ട് ഇക്കാര്യത്തിൽ ഒരു ബദൽ സംവിധാനം വളരെ അടിയന്തരമായി ഉണ്ടാക്കേണ്ടിയിരിക്കുന്നു. എന്റെ മണ്ഡലത്തിലെ ഓരോ കാര്യങ്ങളും പ്രത്യേകമായി എടുത്തുപറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. മറ്റ് എല്ലാ എം.എൽ.എ. മാരുടെയും മണ്ഡലത്തിൽ ഉള്ളതുപോലെത്തന്നെയുള്ള പ്രശ്നങ്ങൾ എന്റെ മണ്ഡലത്തിലുമുണ്ട്. ഭൂമി അക്വയർ ചെയ്യുന്നതിന് ഒരു ബദൽ സംവിധാനമില്ലാത്തത് കളക്ടർമാർക്ക് എളുപ്പമായി. കളക്ടർമാരോട് ഭൂമി അക്വിസിഷനെക്കുറിച്ച് ചോദിച്ചാൽ അതിന് കേന്ദ്ര നിയമം വന്നിരിക്കുന്നു, ആ കേന്ദ്ര നിയമത്തിന്റെ സബ് റൂൾ ഇതുവരെയും വന്നിട്ടില്ല. അതുകൊണ്ട് ഭൂമി അക്വയർ ചെയ്യാൻ സാധിക്കില്ലെന്നാണ് പറയുന്നത്.

ഭൂമി അക്വിസിഷന് ആവശ്യമായ സബ്റൂൾ കൊണ്ടുവരാതെ എത്ര ബഡ്ജറ്റുകൾ പാസ്സാക്കിയാലും സകല വികസനപ്രവർത്തനങ്ങളും തുടങ്ങിയിടത്തുതന്നെ നിൽക്കുമെന്നുള്ള കാര്യത്തിൽ യാതൊരു തർക്കവുമില്ല. 2013-ലാണ് ഈ നിയമം കേന്ദ്ര ഗവൺമെന്റ് പാസ്സാക്കിയത്. അതിനൊരു സബ്റൂൾ ഉണ്ടാക്കുന്നതിനുവേണ്ടി ഇത്രയും കാലതാമസം വരുത്തേണ്ട കാര്യമുണ്ടോ? ഭൂമിയില്ലാതെ എന്തെങ്കിലും വികസന പ്രവർത്തനം ഈ നാട്ടിൽ നടത്തുന്നതിന് കഴിയുമോ? എന്റെ മണ്ഡലത്തിലെ ചില പാലങ്ങളുടെയും

റോഡുകളുടെയും നിർമ്മാണപ്രവർത്തനം ലാന്റ് അക്വിസിഷനുമായി ബന്ധപ്പെട്ട കാര്യങ്ങളാൽ തടസ്സപ്പെട്ടിരിക്കുകയാണ്. ഭൂമി തരേണ്ട വ്യക്തി സ്വന്തംനിലയിൽ ഭൂമി എഴുതിത്തന്നാൽ ഒരു പ്രശ്നവുമില്ലായെന്നുള്ള നിലപാടാണ് കളക്ടർ സ്വീകരിച്ചിരിക്കുന്നത്. ഈ പ്രശ്നം കാരണം നിർമ്മാണ പ്രവർത്തനങ്ങൾ സ്റ്റേറ്റ് ഒട്ടാകെ നിർത്തിവച്ചിരിക്കുകയാണ്. ഇതൊന്നുമില്ലെങ്കിൽത്തന്നെ നീർത്തട സംരക്ഷണ നിയമം, മാസ്റ്റർ പ്ലാൻ എന്നീ കാര്യങ്ങൾ പറഞ്ഞുകൊണ്ട് പലതരത്തിലുള്ള തടസ്സങ്ങളും ഉന്നയിക്കുന്നു. പുറമ്പോക്ക് ഭൂമിയെന്ന് പറഞ്ഞുകൊണ്ട് പല സ്ഥലങ്ങളിലും ബുദ്ധിമുട്ട് വന്നിരിക്കുന്നു. നമ്മുടെ വികസന പ്രവർത്തനങ്ങളാകെത്തന്നെ സ്തംഭനാവസ്ഥയിലാണ്. ബഡ്ജറ്റിൽ പ്രഖ്യാപിച്ച കാര്യങ്ങൾ പോലും നടത്താൻ കഴിയാത്ത ഒരു സ്ഥിതിവിശേഷമുണ്ട്. ഡെപ്യൂട്ടി തഹസിൽദാർമാരും ഡെപ്യൂട്ടി കളക്ടർമാരും പഴയ നിയമം വച്ചുകൊണ്ട് ലാന്റ് അക്വിസിഷൻ എങ്ങനെ തടസ്സപ്പെടുത്താമെന്ന് മാത്രമാണ് ആലോചിച്ചുകൊണ്ടിരിക്കുന്നത്. ഭൂമി ഏറ്റെടുത്താൽ സമയത്തിന് പണം കൊടുക്കുകയില്ല. കരമന–കളിയിക്കാവിള റോഡിനുവേണ്ടി ഒരു പാവപ്പെട്ടവന്റെ അഞ്ചുസെന്റ് ഭൂമി അക്വയർ ചെയ്തു. അയാൾക്ക് 65 ലക്ഷം രൂപ അനുവദിച്ചു. അയാളുടെ അമ്മയുടെ മുട്ട് ഓപ്പറേറ്റ് ചെയ്യണം, ചികിത്സയ്ക്കുവേണ്ടി പണം ആവശ്യമാണ്. കഴിഞ്ഞ അഞ്ച് മാസക്കാലമായി അയാൾ ഇതിനുവേണ്ടി കയറിയിറങ്ങുകയാണ്. പണം നൽകണമെങ്കിൽ 50 വർഷംമുമ്പുള്ള മൂലപ്രമാണം വേണമെന്ന് ഇപ്പോൾ ആവശ്യപ്പെട്ടിരിക്കുകയാണ്. അത് നൽകാൻ കഴിയുന്ന കാര്യമല്ല. ഈ വിഷയം ഞാൻ അങ്ങയോട് നേരിട്ടുവന്ന് സംസാരിച്ചതാണ്. ഇതുപോലെ കഴിയുന്ന രീതിയിലെല്ലാം തടസ്സപ്പെടുത്തുകയെന്നതാണ് ഡെപ്യൂട്ടി

തഹസിൽദാർമാരുടെയും അക്വിസിഷനിലിരിക്കുന്ന ഉദ്യോഗസ്ഥരുടെയും പ്രധാനപ്പെട്ട ജോലി. എൽ.ഡി.എഫ്.–കാരുടെ മണ്ഡലത്തിൽ നടക്കുന്നതിനേക്കാൾ കൂടുതൽ വികസന പ്രവർത്തനങ്ങൾ യു.ഡി.എഫ്. മണ്ഡലങ്ങളിൽ നടക്കുന്നതിന് പ്രാധാന്യം കൊടുക്കണമെന്ന് മന്ത്രിമാർക്കൊക്കെ നിങ്ങൾ നിർദ്ദേശം കൊടുത്തിരിക്കുകയാണെന്ന് അറിയാൻ കഴിഞ്ഞു. നിങ്ങളുടെ മണ്ഡലത്തിലെ കാര്യങ്ങൾ നടക്കണമെങ്കിൽപ്പോലും ഈ ഭൂമി ഏറ്റെടുക്കാതെ സാധിക്കില്ല എന്ന കാര്യം നിങ്ങൾ മനസ്സിലാക്കിയിരിക്കണം. വികസന പ്രവർത്തനവുമായി ബന്ധപ്പെട്ട ലാന്റ് അക്വിസിഷൻ നടപടികൾ നിശ്ചിത ദിവസങ്ങൾക്കുള്ളിൽ പൂർത്തീകരിക്കാൻ കഴിയണം. സ്റ്റാഫില്ലെങ്കിൽ താൽക്കാലിക അടിസ്ഥാനത്തിൽത്തന്നെ ജീവനക്കാരെ എടുത്തുകൊണ്ട് ഈ കാര്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. ഭൂമിയില്ലാതെ യാതൊരു വികസനപ്രവർത്തനവും നടത്താൻ കഴിയുകയില്ല. എന്റെ മണ്ഡലത്തിലെ 8 പാലങ്ങളുടെ വികസനപ്രവർത്തനം മുടങ്ങിക്കിടക്കുകയാണ്. സമയക്കുറവുകൊണ്ട് പാലങ്ങളുടെ പേരൊന്നും പറയുന്നില്ല.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, ബഹുമാനപ്പെട്ട അംഗം വി. ശിവൻകുട്ടി ഇവിടെ പറഞ്ഞത് വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ്. ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച പുതിയ Right to Fair Compensation and Transparency in Land Aquisition, Rehabilitation and Resettlement Act, 2013 നിലവിൽ വന്നത് 1–1–2014–ൽ ആണ്. പുതിയ നിയമം നിലവിൽ വന്നതോടെ അതു വരെയുണ്ടായിരുന്ന 1894–ലെ പൊന്നുംവില നിയമം റദ്ദാക്കിയതിനാൽ 1–1

–2013 മുതൽ പുതിയ നിയമത്തിന്റെ അടിസ്ഥാനത്തിൽ രൂപീകരിക്കുന്ന ചട്ടങ്ങൾ അനുസരിച്ച് മാത്രമേ ഭൂമിയേറ്റെടുക്കൽ നടത്താൻ കഴിയുകയുള്ളൂ. നമ്മുടെ സംസ്ഥാനത്ത് മാത്രമല്ല, രാജ്യത്തെങ്ങും ഭൂമിയേറ്റെടുക്കൽ നടപടി തുടങ്ങുന്നതിന് ഈ ആക്ടിന്റെ അടിസ്ഥാനത്തിൽ പരിമിതികളുണ്ട്. അതുകൊണ്ടുതന്നെ അടിയന്തരമായി പുതിയ ആക്ടിന്റെ അടിസ്ഥാനത്തിലുള്ള ചട്ടങ്ങൾക്ക് രൂപം നൽകുന്നതിന് സംസ്ഥാന സർക്കാർ ഒരു വിദഗ്ദ്ധ സമിതിയെ രൂപീകരിക്കുകയും ആ സമിതിയുടെ പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുകയുമാണ്. ചട്ടങ്ങൾ രൂപീകരിക്കാതെ പുതിയ ലാന്റ് അക്വിസിഷൻ നടപടികൾ ആരംഭിക്കാൻ നിർവ്വാഹമില്ല. എന്നാൽ നിലവിൽ നടന്നുകൊണ്ടിരിക്കുന്ന ഭൂമിയേറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കുന്നതിനായി സ്വീകരിക്കേണ്ട മാനദണ്ഡങ്ങൾ സംബന്ധിച്ച് 4–3–2014–നുതന്നെ ഒരു സർക്കുലർവഴി ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ചില നടപടികൾ എല്ലാ മേഖലകളിലും സ്വീകരിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ എൽ.ഡി.എഫ്. എന്നോ യു.ഡി.എഫ്. എന്നോ വ്യത്യാസമില്ല. യു.ഡി.എഫ്. എം.എൽ.എ.–മാരുടെ മേഖലകളിൽമാത്രം അക്വിസിഷനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് അങ്ങ് ഇവിടെ പറയുകയുണ്ടായി. ഒരിക്കലും അങ്ങനെ ചെയ്യാൻ കഴിയില്ലായെന്ന് അങ്ങേയ്ക്കുതന്നെ നന്നായറിയാം. ഇത് കേരളത്തിന്റെ മൊത്തത്തിലുള്ള പ്രശ്നമാണ്. അത് പരിഹരിക്കപ്പെടുന്നതിനാവശ്യമായ നടപടികൾ നിശ്ചയമായും സ്വീകരിക്കുന്നതാണ്. കേന്ദ്ര സർക്കാരിന്റെ ഗ്രാമവികസന വകുപ്പാണ് ഈ പുതിയ നിയമം രൂപപ്പെടുത്തിയിരിക്കുന്നത്. നമ്മുടെ സംസ്ഥാനത്തിന്റെ പ്രത്യേകത പരിഗണിച്ച് ചട്ടങ്ങൾ രൂപീകരിച്ച് നിയമസഭയുടെ അംഗീകാരം നേടിയാൽ മാത്രമേ പൂർണ്ണതോതിലുള്ള

ലാന്റ് അക്വിസിഷൻ സംസ്ഥാനത്ത് ആരംഭിക്കുവാൻ കഴിയുകയുള്ളൂ. ഇപ്പോൾ നടന്നുവരുന്ന ലാന്റ് അക്വിസിഷൻ നടപടികൾ സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിന് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.പറഞ്ഞ കരമന-കളിയിക്കാവിള റോഡുമായി ബന്ധപ്പെട്ടുകൊണ്ട് അങ്ങ് എനിക്കൊരു പരാതി തന്നിരുന്നു. അതിന്മേൽ അടിയന്തരമായി നടപടി സ്വീകരിക്കുന്നതിനുവേണ്ടി അന്നുതന്നെ പരാതി ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്. അക്കാര്യത്തിൽ പരിഹാരമുണ്ടാകുമെന്നതിൽ യാതൊരു സംശയവും വേണ്ട. ശ്രീ. വി. ശിവൻകുട്ടി ഇവിടെ പറഞ്ഞത് കേരളത്തിലെ ഒരു പൊതുപ്രശ്നമാണ്. അത് പരിഹരിക്കാൻവേണ്ടി സാധ്യമായ നടപടികൾ എത്രയും വേഗം സ്വീകരിക്കുന്നതാണെന്ന് ഞാൻ ഈ സഭയെ അറിയിക്കുകയാണ്.

ശ്രീ. വി. ശിവൻകുട്ടി: സർ, എന്റെ മണ്ഡലത്തിലുള്ള ഭൂമി വിട്ടുകൊടുത്തയാൾക്ക് 65 ലക്ഷം രൂപ കൊടുക്കുന്നതിന് ഉത്തരവിട്ടതിനും അത് പരിശോധിക്കാൻവേണ്ടി കളക്ടർക്ക് അയച്ചതിനും വളരെ നന്ദി. ശ്രീ. രമേശ് ചെന്നിത്തലകൂടി ശ്രദ്ധിക്കേണ്ട ഒരു പ്രധാനപ്പെട്ട കാര്യമാണ്. 4-3-2014-ൽ ശ്രീ. അടൂർ പ്രകാശ് താൽപ്പര്യമെടുത്തുകൊണ്ട് ഒരു സർക്കുലർ ഇറക്കിയിട്ടുണ്ട്. ആ സർക്കുലർ എന്നുപറയുന്നത്, അക്വിസിഷന് എന്തൊക്കെ നടപടിക്രമങ്ങൾ പൂർത്തീകരിക്കണമെന്നതു സംബന്ധിച്ചാണ്. ഇങ്ങനെ പോയാൽ ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ഒരു ഭൂമിയും അക്വയർ ചെയ്യാൻ പോകുന്നില്ലായെന്നുള്ള കാര്യം നാം മനസ്സിലാക്കണം. ശ്രീ. അടൂർ പ്രകാശ് പരിശ്രമിക്കാത്തതുകൊണ്ടല്ല. റവന്യൂ ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനങ്ങൾ ഫൈവ് സ്റ്റാർ ഹോട്ടലിൽ ചായ കൊടുക്കുന്നതുപോലെയാണ്. ഏറ്റവും താമസിച്ച് കാര്യങ്ങൾ ചെയ്യുന്ന ഡിപ്പാർട്ട്മെന്റാണ്. സമയത്തിന് ചെയ്യാൻ പറ്റുന്ന

കാര്യങ്ങൾ പോലും താമസിച്ച് ചെയ്താലെ ഗമയുണ്ടാകുകയുള്ളൂ എന്ന രീതിയാണ്. 4–3–2014–ലെ സർക്കുലർകൊണ്ട് ഒരു പ്രയോജനവുമില്ല. വികസന പ്രവർത്തനവുമായി ബന്ധപ്പെട്ട് ഭൂമി അക്വിസിഷൻ ചെയ്യുന്നതിനായി കേന്ദ്ര നിയമത്തിന്റെ അടിസ്ഥാനത്തിലുള്ള സബ്റൂൾ കൊണ്ടുവന്ന് നിയമസഭയുടെ അംഗീകാരം നേടണമെങ്കിൽ രണ്ടാഴ്ചകൊണ്ടുതന്നെ സാധിക്കാവുന്നതേയുള്ളൂ. ഭരണപക്ഷവും പ്രതിപക്ഷവും സഹകരിക്കും. അതല്ല, എക്സിക്യൂട്ടീവ് ഉത്തരവിലൂടെ ഈ സബ്റൂൾ ഉണ്ടാക്കാൻ കഴിയുമെങ്കിൽ അങ്ങ് അതിനുവേണ്ടി ശ്രമിക്കണം. കേരളത്തിലെ സ്തംഭിച്ചുകിടക്കുന്ന വികസനപ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നതിനായി ഒരാഴ്ചയ്ക്കകം സബ്റൂൾ ഉണ്ടാക്കി ഉത്തരവ് കൊടുക്കുന്നതിന് അങ്ങ് തയ്യാറാകുമോ?

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഈ പ്രശ്നം എല്ലാ നിയോജകമണ്ഡലങ്ങളിലുമുണ്ട്. ശ്രീ. വി. ശിവൻകുട്ടി പറഞ്ഞതുപോലെ ഇത് എല്ലായിടത്തും ഇപ്പോൾ സ്തംഭനാവസ്ഥയിലാണ്. അതിന് പ്രത്യേക താല്പര്യം അങ്ങെടുക്കണം.

ശ്രീ. അടൂർ പ്രകാശ് : സർ, അങ്ങ് പറഞ്ഞ കാര്യം ശരിയാണ്. ഞാനും ഈ സഭയിൽ അതുതന്നെയാണ് പറഞ്ഞത്. കേരളത്തിൽ മൊത്തത്തിലുള്ള ഒരു വിഷയമായി ഈ പ്രശ്നം മാറിയിരിക്കുന്നു. റൂൾ ഫ്രെയിം ചെയ്ത് അതിന്റെ നടപടിക്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. അതിന്റെ മുന്നോടിയായാണ് 4–3–2014–ൽ തന്നെ ഒരു സർക്കുലർ കൊടുത്തത്. റൂൾ ഫ്രെയിം ചെയ്യുന്നതിനനുസൃതമായി ഈ നിയമത്തിൽ പറഞ്ഞിട്ടുള്ള ചില നിബന്ധനകളുണ്ട്. ഭൂമി ഏറ്റെടുക്കുമ്പോൾ അതിന് കൊടുക്കേണ്ട വിലയെ

ക്കുറിച്ചും അത് എത്ര ഇരട്ടിയായിരിക്കണം കൊടുക്കേണ്ടത് എന്നതിനെക്കുറിച്ചുമുള്ള ചില നിബന്ധനകൾ ഈ നിയമത്തിനകത്ത് പറഞ്ഞിട്ടുണ്ട്. ആ നിയമത്തിന്റെ അടിസ്ഥാനത്തിൽ ഇങ്ങനെയുള്ള കാലതാമസം ഉണ്ടാകാതിരിക്കുന്നതിനുവേണ്ടിയാണ് എല്ലായിടത്തും ഒരു സർക്കുലർ മുഖാന്തിരം ഇത് കൊടുത്തിരിക്കുന്നത്. അക്വിസിഷനുവേണ്ടി നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമെന്നുള്ള നിലയിൽ ഈ നിയമത്തിൽ പറഞ്ഞിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ഇത്ര ഇരട്ടി എന്ന് നിങ്ങൾക്ക് കണക്കുക്കൂട്ടി കൊടുക്കുവാൻ വേണ്ടിയുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. എന്നുപറഞ്ഞാൽ കാലതാമസം ഒഴിവാക്കുന്നതിനുവേണ്ടിയാണ് അങ്ങനെ ഒരു സർക്കുലർ കൊടുത്തിട്ടുള്ളത്. ബഹുമാനപ്പെട്ട അംഗത്തിന്റെ ആശങ്ക എത്രയും വേഗത്തിൽ ഈ റൂൾ ഇവിടെ നടപ്പാക്കണമെന്നുള്ളതാണ്. അതിനുവേണ്ടിയുള്ള തടസ്സങ്ങൾ നീക്കി വേഗത്തിൽ ചെയ്യുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു കൊണ്ടിരിക്കുകയാണ്.